**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2868** **18-03-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ - പി.കെ. കാളൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **null**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ നിയോജക മണ്ഡലത്തിൽ പി.കെ. കാളൻ പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ പദ്ധതിക്കായി നാളിതുവരെ എത്ര തുകയാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | നടപ്പിലാക്കുന്നുണ്ട്. പി.കെ കാളൻ കുടുംബക്ഷേമ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി 5.06 കോടി രൂപയാണ് നാളിതുവരെ ലഭ്യമാക്കിയിട്ടുള്ളത് |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് അറിയിക്കാമോ; | (ബി) | പി.കെ.കാളൻ പദ്ധതി പ്രകാരം ഊരുകളിൽ അല്ലാതെ ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാരായ ഉള്ളാട കുടുംബങ്ങളുടെ മൈക്രോ പ്ലാൻ തയ്യാറാക്കി, അർഹരായ കുടുംബങ്ങൾക്ക് ഭൂമി, വീട്, വീട് പുനരുദ്ധാരണം, കക്കൂസ് നിർമ്മാണം, കക്കൂസ് നവീകരണം, ജലലഭ്യത ഉറപ്പാക്കൽ, പുരയിടം മെച്ചപ്പെടുത്തൽ, ജീവനോപാധി പ്രവർത്തനത്തിലുള്ള ഭൗതിക-സാമ്പത്തിക പിന്തുണ നൽകൽ, ആരോഗ്യ ആവശ്യങ്ങളിലെ ഇടപെടൽ, വിദ്യാഭ്യാസ ആവശ്യത്തിലെ ഇടപെടൽ, സാമൂഹ്യ വിഷയങ്ങളിൽ വേണ്ട പിന്തുണ നൽകൽ, ശുചിത്വ ബോധന പരിപാടികൾ സംഘടിപ്പിക്കൽ, കൂട്ടായ്മകൾ സൃഷ്ടിക്കൽ, കുടുംബശ്രീ പങ്കാളിത്തം ഉറപ്പാക്കൽ, മറ്റു വികസന വകുപ്പുകളുടെ പദ്ധതി പഠിപ്പിക്കൽ എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യ വികസനങ്ങളാണ് സംഘടിപ്പിക്കുന്നത്. |
| (സി) | എല്ലാ ആദിവാസി കുടുംബങ്ങൾക്കും പ്രസ്തുത പദ്ധതി പ്രകാരം സഹായം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ സ്വീകരിക്കുന്ന നടപടികളെ കുറിച്ച് വിശദമാക്കുമോ? | (സി) | ആലപ്പുഴയിലെ 4 പഞ്ചായത്തുകളിലും ഒരു നഗരസഭയിലുമുള്ള ഉള്ളാട വിഭാഗത്തിൽപ്പെട്ടവരെ മാത്രമാണ് പി.കെ കാളൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ